## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3165

23.03.2015-ലെ മറുപടിക്ക്

### ക്ഷീരകർഷക ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക ക്ഷേമനിധിയിലേയ്ക്ക് വരുമാനം ലഭിക്കുന്ന സ്രോതസ്സുകൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർ, പ്രാഥമിക ക്ഷീര സംഘങ്ങൾ, മിൽമ, മേഖലാ യൂണിയനുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന അംശാദായമാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ്.<br>ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർ പ്രതിമാസം 20/- രൂപ, പ്രാഥമിക ക്ഷീരസംഘങ്ങൾ പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.5%, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.3%, മിൽമയോ മേഖലാ യൂണിയനോ വില്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75% എന്നീ നിരക്കിലാണ് ക്ഷേമനിധിയിലേയ്ക്ക് അംശാദായം നൽകി-വരുന്നത്. ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിന് അംഗത്വ ഫീസായി 100/- രൂപ ഓരോ അംഗത്തിൽ നിന്നും ഈടാക്കുന്നുണ്ട്. |
| (ബി) ക്ഷേമനിധി പെൻഷൻ പദ്ധതികൾ വഴി കർഷകർക്ക് കൂടുതൽ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) നിലവിൽ ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ പ്രതിമാസം 500/- രൂപയാണ്. ബോർഡിന്റെ നിലവിലെ വരുമാന പരിധിയിൽ നിന്ന് കൊണ്ട് പരമാവധി ധനസഹായം അംഗങ്ങൾക്ക് നൽകുന്നുണ്ട്. |
| (സി) ക്ഷീരകർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ലോട്ടറി നടത്തിപ്പ് വഴി പണം കണ്ടെത്താൻ പദ്ധതി നടപ്പാക്കുമോ? | (സി) അത്തരം ഒരു പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ